പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7229

16.07.2012 -ൽ മറുപടിയ്ക്ക്

## സിനിമാ തീയറ്ററുകളിലെ ഭക്ഷണ ശാലകളിലെ അമിത വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സിനിമാ തീയറ്ററുകളിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകളിൽ പായ്ക്കറ്റിലാക്കിയ ഭക്ഷണ പദാർത്ഥങ്ങൾക്കും പാനീയങ്ങൾക്കും അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇപ്രകാരം അമിത വില ഈടാക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ; | (ബി) പരാതി ലീഗൽ മെട്രോളജി വകുപ്പിനെ അറിയിച്ചാൽ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥാപനം പരിശോധിച്ച് പരാതിയ്ക്ക് വിധേയമായ പായ്ക്കറ്റുകൾ പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും, ടി നടപടി പരാതിക്കാരനെ അറിയിക്കുകയും ചെയ്യാറുണ്ട്. |
| (സി) തീയറ്ററുകളിൽ പായ്ക്കറ്റിലാക്കിയ ഭക്ഷണ പദാർത്ഥങ്ങളുടെയും പാനീയങ്ങളുടെയും എം.ആർ.പി നിരക്കിലുള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ? | (സി) പായ്ക്കറ്റിലാക്കിയ ഭക്ഷണ പദാർത്ഥങ്ങളിലും, പാനീയങ്ങളിലും 2011 ലെ ലീഗൽ മെട്രോളജി പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് പ്രകാരം എം.ആർ.പി ഇല്ലാത്തതും, എം.ആർ.പി. യെക്കാൾ അധിക വില ഈടാക്കുന്നതുമായ കുറ്റകൃത്യങ്ങൾ മിന്നൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ